# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1913 14.08.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ; ഇതിനകം എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; | എ) | <u>ആരോഗ്യ വകുപ്പ്:</u><br>അനുബന്ധമായി ചേർത്തിരിക്കുന്നു.<br><u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്:</u><br>കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ഓരോ ഒഴിവുകൾ വീതമുണ്ട്. ആയതിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഒഴിവ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | എത്ര പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ; | ബി) | <u>ആരോഗ്യ വകുപ്പ്:</u><br>അനുബന്ധമായി ചേർത്തിരിക്കുന്നു.<br><u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്:</u><br>നിയമന ശുപാർശ ലഭിച്ചിട്ടില്ല. |
| സി) | ഓരോ ജില്ലയിലും അംഗപരിമിതർക്ക് (പി.എച്ച്) വേണ്ടി എത്ര തസ്തികകൾ മാറ്റിവെച്ചിട്ടുണ്ട്; | സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) | ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനു ചേരാൻ അംഗപരിമിതർക്ക് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ അവർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിൽ പ്രത്യേക സംവരണം ഏർപ്പെടുത്തേണ്ടതുണ്ടോ; വിശദാംശം നൽകുമോ ? | ഡി) | ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ 2006 ലെ പ്രോസ്പെക്ടസിൽ അംഗപരിമിതരെ കോഴ്സ് പഠിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിലെ പ്രോസ്പെക്ടസിൽ അംഗപരിമിതർക്ക് ടി കോഴ്സ് പഠിക്കുന്നതിന് സംവരണം ഇല്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോസ്പെക്ടസ് പ്രകാരം രണ്ട് വർഷ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പഠിക്കുന്നതിലേക്ക് ഭിന്ന ശേഷിക്കാർക്ക് സാധ്യമാകില്ല എന്നിരിക്കെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് ഇവർക്കും സംവരണം നൽകി സീറ്റുകൾ മാറ്റി വയ്ക്കപ്പെടുന്നുണ്ടെന്നും, അപ്രകാരം അനാവശ്യമായി സീറ്റുകൾ മാറ്റി വയ്ക്കപ്പെടേണ്ടതില്ല എന്ന് പി.എസ്.സി യെ അറിയിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ മേൽ വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. സാമൂഹ്യ നീതി വകുപ്പിന്റെ 20.12.2014 -ലെ |

| | | | |
|---|---|---|---|
| | | | സ.ഉ(അച്ച) നം.101/2014/എസ്.ജെ.ഡി ഉത്തരവ് പ്രകാരമാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയെ ഭിന്നശേഷിക്കാർക്ക് നിയമനം നൽകാൻ യോജിച്ച തസ്തികകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയത്. ആയതിനാൽ ഭിന്ന ശേഷിക്കാരെ ഒഴിവാക്കുന്ന വിഷയത്തിൽ ആരോഗ്യ വകുപ്പിന് മാത്രമായി തീരുമാനമെടുക്കുവാൻ സാധിക്കുകയില്ല. |

Milan

സെക്ഷൻ ഓഫീസർ

[redacted]

# അനുബന്ധം

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം. | ജില്ല | നിലവിലുള്ള ഒഴിവുകളുടെ എണ്ണം | ഇതിനകം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | നിലവിലെ ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകിയതിന്റെ എണ്ണം | അംഗപരിമിതർക്ക് മാറ്റി വച്ച തസ്തികകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 1 | 2 | 3 |
| 2 | കൊല്ലം | 1 | 1 | 1 | 0 |
| 3 | പത്തനംതിട്ട | 0 | 0 | 3 | 0 |
| 4 | ആലപ്പുഴ | 0 | 0 | 0 | 0 |
| 5 | കോട്ടയം | 3 | 1 | 2 | 4 |
| 6 | ഇടുക്കി | 1 | 1 | 2 | 0 |
| 7 | എറണാകുളം | 2 | 1 | 8 | 0 |
| 8 | തൃശ്ശൂർ | 0 | 0 | 0 | 1 |
| 9 | പാലക്കാട് | 4 | 4 | 17 | 2 |
| 10 | മലപ്പുറം | 8 | 8 | 7 | 2 |
| 11 | കോഴിക്കോട് | 0 | 0 | 0 | 0 |
| 12 | വയനാട് | 1 | 0 | 0 | 0 |
| 13 | കണ്ണൂർ | 1 | 1 | 5 | 0 |
| 14 | കാസർഗോഡ് | 0 | 0 | 1 | 0 |

Milan

സെക്ഷൻ ഓഫീസർ